# നെന്മാണിക്യം

## (നോവൽ–23)

### ജോൺ ഇളമത

**അ**ച്ചാരമ്മ ഏണീറ്റു. എങ്ങും നിശ്ശബ്ദത. കാറ്റുപോലും ഉറങ്ങിയ മട്ടിൽ നേരിയ നിലാവെളിച്ചം.

മാളം തുരന്ന് നിധി അടക്കംചെയ്ത് ചിമിഴെടുത്ത് ഉടുമുണ്ടിന്റെ മടിയിൽ ഭദ്രമായി കെട്ടിവച്ചു.



ഇതൊരു പുറപ്പാടാണ്. തിരിച്ചുവരാത്ത യാത്ര. അത്യാവശ്യം വേണ്ട തുണികളും മറ്റും ഭാണ്ഡംകെട്ടി തോളിൽ തൂക്കി എടുത്തു.

ഓർത്തപ്പോൾ ദുഃഖമുണ്ടായി. എടുത്തുവളർത്തിയ വീട്. സ്വന്തമെന്നു പറയാവുന്നപോലെയായിരുന്നു. ദാസിയായിരുന്നിട്ടും സർവ്വ സ്വാതന്ത്ര്യങ്ങളും കിട്ടിയിരുന്നു.

പിഴച്ചുപെറ്റ ജന്മം. ഇനിയും വേരുതേടിയുള്ള യാത്ര. സുഖംതേടി അജ്ഞാതമായ യാത്ര.

ശബ്ദമുണ്ടാക്കാതെ അവൾ ഇറങ്ങി നടന്നു. കരിയിലകളുടെ കിലുക്കം. വൃക്ഷങ്ങളുടെയും കുറ്റിക്കാടുകളുടെയും നിഴൽപറ്റി അവൾ നടന്നു. ഇടയ്ക്കിടെ തിരിഞ്ഞുനോക്കി. ആരെങ്കിലും കാണുന്നുണ്ടോ? പിന്നാലെ വരുന്നുണ്ടോ?

ആരുമില്ല! അല്ലെങ്കി ആരാണ് ഈ പാതിര കഴിഞ്ഞ നേരത്ത് ഉണർന്നിരിക്കുന്നത്?

പശുത്തൊഴുത്തിന്റെ അടുത്തുകൂടി പോയപ്പോൾ പശു അമറി അവൾ ഞെട്ടി. വേഗം നടന്നു. ആരുമുണരാതിരുന്നാൽ മതി.

അമറിയത് ശാന്തപ്പശുവാണ് അവളുടെ ഉറ്റതോഴി അവളെ ജനനം മുതലേ അറിയാം. അവളെ പെറ്റിട്ടപ്പോൾ പേറെടുത്തുപോലും താനാണ്. മുഴയൻകൊമ്പുള്ള ചെറിയ വെച്ചൂർ പശു. അവളുടെ അമ്മയും അവളെപ്പോലെതന്നെയായിരുന്നു. ശാന്തസ്വഭാവം. ആർക്കും കുളിപ്പിക്കാം. ആർക്കും കറക്കാം. സ്നേഹമുള്ളവരെ അവൾ നക്കും. കാടിയും തവിടും കലക്കികൊടുക്കുമ്പോഴാണ് അവൾക്കു സ്നേഹക്കൂടുതൽ. അരമുള്ള അവളുടെ നാക്കുകൊണ്ട് കൈകളിലും കാലുകളിലും അവൾ നക്കും. അവളുടെ അമ്മപ്പശു ഒരു കൊല്ലം മുമ്പാണ് ചത്തുപോയത്. കടലാ

വണക്കിന്റെ കായും ഇലയും തിന്ന് കട്ടുകേറി. അതിപ്പിന്നെ ശാന്തപ്പശുവിനെ കടലാവണക്കില്ലാത്തിടത്തേ അച്ചാരമ്മ കെട്ടാറുള്ളൂ.

ശാന്തപ്പശു തിരിച്ചറിഞ്ഞിരിക്കുന്നു. തന്റെ പുറപ്പാട്. അതൊക്കെ ഓർത്തു ദുഃഖിക്കാൻ സമയമില്ല. അവൾ വേഗം നടന്നു.

അതിനിടെ ഒരിഴജന്തു അവളുടെ കാലുകൾക്കിടയിലൂടെ ചാടിപാഞ്ഞുപോയി. അവൾ ഞെട്ടിപ്പോയി. രാത്രി സൂക്ഷിക്കണം. കരിയില കൂടിക്കിടക്കുന്നിടത്ത് പാമ്പുകൾ കിടക്കാറുണ്ട് ഇരയെ തേടി....

പുണ്യാളച്ചൻ അഴിച്ചുവിട്ട പാമ്പാണോ? എന്റെ പുണ്യാളാ! എന്നെ കാക്കണേ! അപ്പോഴവളോർത്തു: പുണ്യാളച്ചന്റെ രൂപക്കൂട്ടീന്നാണ് താക്കോൽക്കൂട്ടമെടുത്തത് പുണ്യാളച്ചന് അതിഷ്ടപ്പെട്ടിട്ടില്ല. പ്രത്യേകിച്ചും കളവിനു കൂട്ടുനില്ക്കാൻ!

ചിന്തിക്കാൻ സമയമില്ല. പുറകോട്ടു പോകാനും കഴിയില്ല. രാത്രി ചൂട്ടുകറ്റ കത്തിച്ചേ എല്ലാവരും നടക്കാറുള്ളു. ഇത് ഒളിച്ചോട്ടമാണ്. ജീവിതത്തിനും മരണത്തിനുമിടയിലെ ഓട്ടം... അവൾ കരിയിലകൾ കുറഞ്ഞ സ്ഥലത്തുകൂടി വേഗം നടന്നു.

ഇനി അധികമില്ല. പരുത്തിക്കാടിൻകൂട്ടം കണ്ടു. അവിടെയാണ് ചെറിയ കുളിക്കടവ്. പണിക്കാർ കുളിക്കുന്ന കടവാണ്. അവൾ സാധാരണ മറപ്പുരയിൽ വെള്ളം കോരിവെച്ചാണ് കുളിക്കുന്നത്. വല്ലപ്പോഴുമൊരിക്കൽ ആ കടവിൽ പോകും. തുണി അലക്കാനും കുളിക്കാനും. തന്നേമല്ല തറവാട്ടീന്ന് അല്പം ദൂരം നടക്കണം.

അവിടെ താഴേക്കിറങ്ങിച്ചെന്നു. ഒരാൾ താഴ്ചയിൽ അവിടെ ഒരു തടമാണ്. രണ്ടു പരുത്തികളുടെ നടുവിലാണ് ചെറിയ കുളിക്കടവ്. മൂന്നുവരി കരിങ്കല്ലുകൾ പാകിയിട്ടുണ്ട്. തുണി അലക്കാനും കുളിക്കാനും തന്നേമല്ല തറവാട്ടീന്ന് അല്പം ദൂരം നടക്കണം.

അവിടെ എത്തിയപ്പോൾ അച്ചാരമ്മ കണ്ടു. പറഞ്ഞപ്രകാരം ഒറ്റ വളവരെയുള്ള ഒരിടത്തരം വള്ളം കടവിൽ അടുത്തു കിടക്കുന്നു.

അവളെ കണ്ടമാത്രയിൽ വള്ളം ഊന്നിവന്ന ചെക്കൻ കഴുക്കോലുമായി എഴുന്നേറ്റുനിന്നു.

പത്തുപതിമൂന്നു വയസ്സു തോന്നു. അവനാകാം വിഷ്ണു!

വളവരയ്ക്കുള്ളിൽ നിന്ന് മദ്ധ്യപ്രായമുള്ള ഒരു സ്ത്രീ ഇറങ്ങിവന്നു. അവളാകാം സാവിത്രി!

സ്ത്രീ അടക്കത്തിൽ വിളിച്ചു:

അക്കാ!

അച്ചാരമ്മയ്ക്ക് ആശ്വാസമായി. സാവിത്രിതന്നെ. തന്റെ അമ്മയിലുണ്ടായ സഹോദരി, അവളുടെ മകൻ.

അച്ചാരമ്മ, അടക്കത്തിൽ വിളികേട്ടു.

സാവിത്രി!

സാവിത്രി തടത്തിലേക്കിടങ്ങിവന്നു. അവർ പരസ്പരം കെട്ടിപ്പുണർന്നു മഞ്ഞളിന്റെയും മുല്ലപ്പൂവിന്റെയും നല്ല വാസനയുള്ള നമ്പൂരിസ്ത്രീ.

അപ്പോൾ അച്ചാരമ്മ ഓർത്തു: തനിക്ക് വിയർപ്പിന്റെയും പുറയുടെയും നാറ്റമാണ്. വലിയ ജോലികൾ ചെയ്യുന്നില്ലെങ്കിൽത്തന്നെ അടുക്കളയിൽനിന്നിറങ്ങാൻ നേരമുണ്ടോ?

സാവിത്രിക്ക് ഒരു നമ്പൂരിച്ചിയുടെ തറവാടിത്തം ഉണ്ട്. ഒറ്റ ചുട്ടിക്കരയൻമുണ്ട്. മാറിനു മീതെ കസവുള്ള രണ്ടാംമുണ്ട്. തലമുടി പിന്നിയിട്ട് മുല്ലപ്പൂമാലകൊണ്ടലങ്കരിച്ചിരിക്കുന്നു. ഭസ്മക്കുറി. കഴുത്തിൽ ചരടിൽ കോർത്ത സ്വർണ്ണ ഏലസ്സ്, മഞ്ഞൾ അരച്ചു ചാലിച്ച കൈപ്പടങ്ങൾ.

സാവിത്രി പറഞ്ഞു:

അക്ക വരുമെന്നു പറഞ്ഞതിപ്പിന്നീട് രണ്ടുനാൾ ഞാൻ ഉറങ്ങിട്ടുപോലുമില്ല!

ഞാനും. അവൾ വീണ്ടും കെട്ടിപ്പുണർന്നു.

മരിക്കാൻ കിടക്കുമ്പോഴാണ് അമ്മ ആ രഹസ്യം പറഞ്ഞത്. ഇല്ലത്തടുപ്പമുള്ള ആരോ അമ്മയെ ചെറുപ്രായത്തിൽ ചതിച്ചതാണ്. അമ്മേടമ്മയാണ് ചതിച്ചുപെറ്റ കുഞ്ഞിനെ തറവാട്ടുമുറ്റത്ത് കിടത്തിയേച്ചു പോന്നത്. അമ്മേടമ്മ എവിടാ ഉപേക്ഷിച്ചുപോന്നതെന്നുപോലും അമ്മയോടു പറഞ്ഞിട്ടില്ല. പെഴച്ചുപെറ്റ സന്തതിയെ ഇല്ലത്തു കേറ്റാനൊക്കൂല്ലല്ലോ.

സാവിത്രി നിർത്തി ശ്വാസമെടുത്തിട്ടു വീണ്ടും തുടർന്നു:

ന്നാലും തമ്മി കാണാമ്പറ്റീല്ലോ. ഇനി അക്കാ ഞങ്ങടെകൂടെ മനേ താമസിച്ചാ മതി ഇനീം മനേ ആണും തൂണുമായ എന്റെ മോൻ വിഷ്ണു മാത്രമേ ഒള്ളൂ. അക്കായെ മനേക്കേറ്റാമ്പത്തില്ലാന്നു പറയാൻ മറ്റൊരുത്തനുമില്ല.

അപ്പോൾ അച്ചാരണ്ണയ്ക്ക് സംശയമായി. അതേ സ്വരം! അതുപോലെ ശ്വാസംവിടാതെ ഒള്ള സംസാരം. ഇതു പറ്റീരല്ലേ! ആ കാക്കാത്തിയുടെ അതേ ശബ്ദം! അതേ വർത്തമാനം ശ്വാസം വിടാതെ.

അച്ചാരമ്മ സൂക്ഷിച്ചുനോക്കി. കാക്കാത്തിയുടെ കവളിത്ത് ഒരു വലിയ അരിമ്പാറ ഉണ്ടായിരുന്നല്ലോ. ഇവൾക്കതു കാണാനില്ല. എങ്കിലും ഇവൾ കാക്കാത്തിതന്നെ. അന്നൊക്കെ അരിമ്പാറവെച്ചു വേഷം മാറി പറ്റിക്കാൻ വന്നതായിരിക്കാം.

അക്കേ, ആ നിധി എന്തിയേ? എന്റേയീ തന്നേർ. സാവിത്രി ധൃതിപ്പെട്ടു.

എന്റെയിലൊണ്ട്. ഞാം വെച്ചോളാം.

അക്കാ, നിധി എന്റേയ് താ. അല്ലാതെ ഇല്ലത്തേക്കു പൊറപ്പെട്ടാ നമ്മുടെ ഭാഗ്യം പോം.

ഇത്രയും പറഞ്ഞ് സാവിത്രി അച്ചാരമ്മയുടെ മടിക്കുത്തിന് പിടിയിട്ടു.

അച്ചാരമ്മയ്ക്കു വ്യക്തമായി. ചതിവിൽപ്പെട്ടെന്ന്, അവൾ കുതറിയോടാൻ ശ്രമിച്ചു. സർവ്വശക്തിയുമെടുത്ത് സാവിത്രിയുടെ  പിടി വിടുവിച്ചു. ഇരുളിലേക്ക് മറയാൻതുടങ്ങവേ അതു സംഭവിച്ചു.

പെട്ടെന്ന് പരുത്തിക്കാട്ടിൽ ഉള്ളിൽനിന്ന് ഒരു വലിയ നിഴൽ ഇറങ്ങിവന്നു. കാലന്റെ രൂപത്തിൽ കൈയിൽ കയറുണ്ടായിരുന്നു.

അച്ചാരമ്മ വിളിച്ചുകൂവുംമുമ്പ് അയാളുടെ കൈയിലെ കയർ അവളുടെ കഴുത്തിൽ മുറുകി.

അച്ചാരമ്മയുടെ കണ്ണുകൾ പുറത്തേക്കു തെറിച്ചുവന്നു. നാക്കുനീണ്ടു. മരണവെപ്രാളത്തിനിടയിൽ, ആ നിലാവിൽ അവൾ ആ മുഖം വ്യക്തമായി കണ്ടു.

കണ്ടുണ്ണിനായർ.

## (അവസാനിച്ചു)

***************** ******************